പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1904 — 4.10.2011-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ അവലോകന സംവിധാനം ശക്തമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ അവലോകന സംവിധാനം ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;<br><br>(ബി) ഇതിനായി വെബ് പോർട്ടൽ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ടോ; | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇൻറർനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം (Daily Monitoring System) മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം (Monthly Monitoring System) എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു. കമ്പനികളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി MoU സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ആർക്കാണ് ഇതിന്റെ ചുമതല നൽകിയിരിക്കുന്നത്; | (സി) ഈ മോണിട്ടറിംഗ് സംവിധാനം സജ്ജമാക്കിയതും അതിന്റെ ചുമതലയും Public Sector Restructuring & Internal Audit Board (RIAB) - നാണ്. |
| (ഡി) വെബ് പോർട്ടലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം? | (ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി RIAB- ൽ |

സജ്ജമാക്കിയ ഇൻറനെറ്റ് അധിഷ്ഠിത വെബ് പോർട്ടലിൻെറ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ ഇനി മുതൽ നാലു വിധത്തിലുള്ള റിപ്പോർട്ടിംഗ് ആയിരിക്കും വേണ്ടിവരിക.

1. ദൈനംദിന മോണിട്ടറിംഗ് സംവിധാനം (Daily Monitoring System) - ( www.riab.org/dailyrep.php) -Secured site.

കമ്പനികളുടെ ദൈനംദിന ഉൽപ്പാദന മൂല്യം, വിറ്റുവരവ്, പിരിച്ചെടുക്കേണ്ട തുക, കൊടുത്തുതീർക്കേണ്ട തുക എന്നിവയടങ്ങിയ റിപ്പോർട്ട് അടുത്ത ദിവസം 12 മണിക്ക് മുമ്പ് ഈ പോർട്ടലിൽ രേഖപ്പെടുത്തുവാൻ അതാത് ഫിനാൻസ് മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിവരങ്ങൾ മാനേജിംഗ് ഡയറക്ടർമാർ, RIAB, വകുപ്പ് സെക്രട്ടറിമാർ, വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി എന്നീ തലങ്ങളിൽ പരിശോധനാ വിധേയമാക്കുന്നതാണ്. ഈ സംവിധാനത്തിൽ ചുരുക്കം ചില സാമ്പത്തിക സൂചികകളായിരിക്കും വിലയിരുത്തുക.

2. മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം (Monthly Monitoring System) ( www.soemonitor.org) - secured site.

ഇതിനായി നിലവിലുള്ള പോർട്ടൽ തന്നെയായിരിക്കും പ്രയോജനപ്പെടുത്തുക. ഇതിൽ നിന്നും ഓരോ മാസവുമുള്ള ലാഭനഷ്ടക്കണക്കുകളും, ചെലവുകളുടെ വിവരവും ലഭിക്കും. ഇതുകൂടാതെ കമ്പനി തലത്തിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. ഈ പോർട്ടലിൽ വിവരങ്ങൾ നൽകുന്നതിനുള്ള ചുമതല അതാത് മാനേജിംഗ് ഡയറക്ടർമാർക്കാണ്.

3. കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (www.riab.org/suggestions.htm) .

കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അവയിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഭരണ തലത്തിൽ നേരിട്ടെത്തിക്കുന്നതിനായിട്ടാണ് ഈ

സംവിധാനം ഒരുക്കിയിരിക്കുന്നത്. വിവരം രേഖപ്പെടുത്തുന്ന വ്യക്തിയുടെ പൂർണ്ണ വിവരങ്ങൾ നൽകുകയാണെങ്കിൽ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങളിലെടുത്ത തീരുമാനം ഈ പോർട്ടൽ മുഖേന അറിയിക്കുന്നതാണ്.

4. മേൽപറഞ്ഞവ കൂടാതെ ആഴ്ച തോറുമുള്ള മോണിട്ടറിംഗ് സംവിധാനം (Weekly Monitoring System ) - കൂടി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ റിപ്പോർട്ടിംഗ് സംവിധാനത്തിൽ സാങ്കേതിക സൂചികകൾക്കായിരിക്കും മുൻതൂക്കം നൽകുക. കമ്പനികളുടെ പ്രൊഡക്ഷൻ മാനേജർമാർക്കായിരിക്കും ഇത് നൽകുന്നതിനുള്ള ചുമതല. വ്യത്യസ്തമായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാൽ ഓരോ സ്ഥാപനങ്ങൾക്കും പ്രത്യേകം പോർട്ടലായിരിക്കും റിപ്പോർട്ട് ചെയ്യുന്നതിനുണ്ടാവുക. കമ്പനികളുടെ ഉൽപ്പാദന തോത്, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ശരാശരി കമ്പോള വില, കപ്പാസിറ്റി യൂട്ടിലൈസേഷൻ, ഉൽപാദനക്ഷമത, ഉൽപ്പാദന പ്രവർത്തനങ്ങളിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദവിവരവും, അതിനുള്ള കാരണങ്ങൾ എന്നിവയായിരിക്കും ഇതിലൂടെ ലഭ്യമാക്കുക.

സെക്ഷൻ ഓഫീസർ